കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 16 | ഏപ്രിൽ 30 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 എന്റെ കേരളം 2025 പ്രദർശന മേളയിൽ ശ്രദ്ധേയമായി കൃഷിവകുപ്പ് സ്റ്റാളുകൾ

4 തൃശൂർ പൂരം എക്സിബിഷൻ– കെഎയു പവലിയൻ ഉദ്ഘാടനം

7 റബ്ബർബോർഡിൽ ഔദ്യോഗിക ഭാഷാസമ്മേളനം


## എന്റെ കേരളം 2025 പ്രദർശന മേളയിൽ താരമായി കൃഷിവകുപ്പ് സ്റ്റാളുകൾ

രണ്ടാം പിണറായി സർക്കാരിന്റെനാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് കാസർഗോഡ് പിലിക്കോട് കാലിക്കടവ് മൈതാനത്ത് സംരംഭം കുറിച്ച എന്റെകേരളം 2025 പ്രദർശനവിപണന മേളകളയിൽ ഒരുക്കിയ കൃഷിവകുപ്പിന്റെ സ്റ്റാളുകൾ ശ്രദ്ധേയമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത മേളയിൽ തീം പവലിയനിൽ ഒരുക്കിയിരിക്കുന്ന കൃഷിവകുപ്പ് സ്റ്റാളിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവഭേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജീകരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺ സ്ട്രേഷനും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്. കാർഷിക സർവകലാശാല കശുമാങ്ങ, കൈതച്ചക്ക, പഴം എന്നിവയിൽ നിന്നും പുറത്തിറക്കുന്ന നിള ഫ്രൂട്ട് വൈനാണ് പ്രദർശന മേളയിലെ മറ്റൊരു താരം. വിപണിയിൽ ഉടനെ തന്നെ അവതരിപ്പിക്കാൻ ഒരുങ്ങുന്ന നിള വൈൻ ഉത്പാദനത്തിന്നിലവിൽ സർവകലാശാല അനുമതി നേടിയിട്ടുണ്ട്. കൃഷിവകുപ്പിന്റെ സ്വന്തം ബ്രാൻഡായ കേരളഗ്രോ ഉൽപ്പന്നങ്ങളുടെ പ്രദർശനവും മില്ലറ്റ് ഉൽപ്പന്നങ്ങളുടെ പ്രശദർശനവും ഒരുക്കിയിട്ടുണ്ട്. കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കി നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡസ്കും





ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.

കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡസ്കുകളും തീം പവലിയനിൽ സജ്ജീകരിച്ചിട്ടുണ്ട്. വിളകളിലെ രോഗകീട നിയന്ത്രണം സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ്ഹെൽത്ത് ക്ലിനിക്കും പ്ലാൻഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ കൃഷിവകുപ്പ് കാസർഗോഡ് ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണനമേളയും പൊതുജന പങ്കാളിത്തം കൊണ്ട് ഉദ്ഘാടന ദിവസം തന്നെ സജീവമായി. എന്റെ കേരളം 2025 കാസർഗോഡ് ജില്ല എഡിഷൻ പിലിക്കോട് കളിക്കടവ് മൈതാനത്തിൽ ഏപ്രിൽ 27 ഞായറാഴ്ച സമാപിക്കും.

# എന്റെ കേരളം 2025 പ്രദർശന മേളയിൽ ശ്രദ്ധേയമായി കൃഷിവകുപ്പ് സ്റ്റാളുകൾ




രണ്ടാം പിണറായി സർക്കാറിന്റെ നാലാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് വയനാട് കൽപ്പറ്റയിൽ ആരംഭിച്ച എന്റെ കേരളം 2025 പ്രദർശന വിപണന മേളകളയിൽ ജനശ്രദ്ധ ആകർഷിച്ച് കൃഷിവകുപ്പിന്റെ സ്റ്റാളുകൾ.

ഇക്കുറി തികച്ചും വ്യത്യസ്തവും ആകർഷകവും ആയിട്ടാണ് കൃഷിവകുപ്പ് സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. സ്റ്റാളുകളിൽ ഏറ്റവും ആകർഷകമായത് തീം പവലിയൻ ആണ്. തീം പവലിയനിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവഭേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജികരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രേഷനും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്.

തീം പവലിയനിൽ കേരളഗ്രോ ഉൽപ്പന്നങ്ങളുടെയും മില്ലറ്റ് ഉൽപ്പന്നങ്ങളുടെ പ്രശദർശനം കാണാനും അറിയാനും എത്തിയവർ ഏറെ. വിവിധ ഉൽപ്പന്നങ്ങളുടെ കൃഷിയും കൃഷി രീതിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും തുടങ്ങി എല്ലാ വിഷയങ്ങളെക്കുറിച്ചും വ്യക്തവും ലളിതവുമായ രീതിയിൽ വിശദീകരിച്ചു കൊടുക്കുന്നതിന് കൃഷി ഉദ്യോഗസ്ഥന്മാരുടെ ഒരു നിരയും സ്റ്റാളിൽ സജ്ജമായിരുന്നു. കൂടാതെ രോഗ കീടങ്ങളെ കുറിച്ചുള്ള പ്രദർശനവും കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളും വയനാടിന്റെ തനതായ കൃഷി രീതി പരിചയപ്പെടുത്തുന്ന ഡോക്യുമെന്ററിയും വയനാട്ടിലെ കർഷകരുടെ വിജയഗാഥകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഇൻഫർമേഷൻ കിയോസ്കി സ്റ്റാളിൽ സജ്ജമാക്കിയത് സന്ദർശകർക്ക് ഏറെ കൗതുകമായി.

കാർഷിക സേവനങ്ങൾ ഒരു കുടക്കീഴിൽ ആക്കി നിലവിൽ വന്ന കതിർ ആപ്പ് രജിസ്ട്രേഷൻ ഹെല്പ് ഡെസ്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഫ്ലാഗ്ഷിപ്പ് പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന ഹെൽപ്പ് ഡസ്കുകളും, വിളകളിലെ രോഗ




കീട നിയന്ത്രണം സംബന്ധിച്ച് സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്ന ക്രോപ്പ് ഹെൽത്ത് ക്ലിനിക്കും പ്ലാൻന്റ് ഡോക്ടർ സേവനവും സ്റ്റാളിൽ സജ്ജീകരിച്ചത് സന്ദർശകർക്ക് ഏറെ ഗുണപ്രദമായി.

കൃഷിവകുപ്പ്- ആത്മയുടെ നേതൃത്വത്തിൽ വിവിധ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളും ഒരുക്കിയ പ്രദർശന സ്റ്റാളുകൾ ആണ് മേളയിലെ മറ്റൊരു ആകർഷണം. ചക്ക,മാങ്ങ, പാഷൻഫ്രൂട്ട് തുടങ്ങിയ പഴവർഗങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ഗുണമേന്മയും രുചിയും ഉള്ള വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും ഗ്രീൻ ടീ,കാർഡമം ടീ, ജിഞ്ചർ ടീ തുടങ്ങിയ വിവിധ തേയില ഉൽപ്പന്നങ്ങളും സുഗന്ധദ്രവ്യങ്ങൾ ഉൾച്ചേർത്ത കോഫി ഉൽപ്പന്നങ്ങളും, തേനിൽ നിന്നുള്ള വിവിധ മൂല്യ വർദ്ധിത ഉത്പന്നങ്ങളും മേളയിലെ മുഖ്യ ആകർഷകമായി.

ഇതിന് പുറമെ 1500 സ്ക്വയർ ഫീറ്റിൽ കൃഷി വകുപ്പ് വയനാട് ജില്ല ഒരുക്കിയിരിക്കുന്ന നടീൽ വസ്തുക്കളുടെയും, കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും പ്രദർശന വിപണന മേളയും പൊതുജന പങ്കാളിത്തം കൊണ്ട് ഉദ്ഘാടന ദിവസം തന്നെ സജീവമായി. ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും സന്ദർശകർക്ക് വാങ്ങുവാനുള്ള സൗകര്യം മേളയിൽ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ 9 വർഷമായി കൃഷി വകുപ്പ് കൈവരിച്ച നേട്ടങ്ങളുടെ ഒരു നേർക്കാഴ്ചയാണ് എന്റെ കേരളം 2025 നമുക്ക് കാണാൻ കഴിയുന്നത്.



# തൃശൂർ പൂരം എക്സിബിഷൻ – കെഎയു പവലിയൻ ഉദ്ഘാടനം

തൃശ്ശൂർ പൂരം 2025-ന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിക്കുന്ന പൂരം എക്സിബിഷനിൽ കേരള കാർഷികസർവകലാശാലയുടെ പവലിയൻ, വൈസ് ചാൻസലർ ഡോ. ജയൻ പി.ആർ. ഇന്ന് വൈകുന്നേരം 5:00 മണിക്ക് ഔദ്യോഗികമായി ഉദ്ഘാടനം നിർവഹിച്ചു.

കാർഷിക സർവകലാശാല പുറത്തിറക്കിയ പുതിയ വിത്തിനങ്ങൾ പുതിയ സാങ്കേതിക വിദ്യകൾ എന്നിവ പ്രദർശിപ്പിച്ചിരിക്കുന്നു. സർവകലാശാല വികസിപ്പിച്ചെടുത്ത വിത്തുകൾ, നടീൽ വസ്തുക്കൾ, വാല്യൂ ആഡഡ് പ്രോഡക്ട്സ്, ജൈവജീവാണു വളങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും സജ്ജമാക്കിയിട്ടുണ്ട്.

കമ്മ്യൂണിക്കേഷൻ സെന്റർ, ആറ്റിക്, കശുമാവ് ഗവേഷണ കേന്ദ്രം, അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കൊക്കോ റിസർച്ച് സ്റ്റേഷൻ,

കണ്ണാറ ബനാന റിസർച്ച് സ്റ്റേഷൻ, വെള്ളാനിക്കര അഗ്രികൾച്ചർ കോളേജ്, ഫോറസ്റ്റി കോളേജ്, പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രം, തുടങ്ങിയ സെന്ററുകൾ പ്രദർശനത്തിനു സജീവ സാന്നിധ്യമാണ്.



# സ്കിം ലാറ്റക്സ് സംസ്കരണത്തിന് നൂതന സംവിധാനം റബ്ബർമേഖലയിലെ സമീപകാല നേട്ടങ്ങൾ

റബ്ബർ ആക്ട്-1947 നടപ്പാക്കിയതിന്റെ ഭാഗമായാണ് റബ്ബർബോർഡ് നിലവിൽ വന്നത്. ഇന്ന് റബ്ബർബോർഡ് രൂപവത്ക്കരിക്കപ്പെട്ടതിന്റെ 77-ാം വാർഷികം ആഘോഷിക്കുകയാണ്. രാജ്യത്തെ റബ്ബർവ്യവസായത്തിന്റെ വളർച്ചയിൽ ബോർഡ് ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ, ഉപഭോഗവ്യവസായത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉത്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും 2047 ആകുമ്പോഴേക്കും രാജ്യത്തെ 'ആത്മനിർഭർ' ആക്കുന്നതിനുള്ള ദിശയിലേക്ക് നീങ്ങുന്നതിനും ബോർഡ് പ്രതിജ്ഞാബദ്ധമാണ്.

റബ്ബർമൂല്യശൃംഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബോർഡ് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ അവസരത്തിൽ സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ വീണ്ടെടുക്കുന്നതിനുള്ള ഒരു നൂതന പ്രക്രിയ ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത വിവരം അറിയിക്കുന്നു.

കൂടാതെ, റബ്ബർ മേഖലയിലെ എല്ലാവരുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ (മുമ്പ് റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്) രജതജൂബിലി ആഘോഷിക്കുന്നതിന് ഒരു ദേശീയ പരിപാടി ആസൂത്രണം ചെയ്തിട്ടുമുണ്ട്.

### സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ

സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ വീണ്ടെടുക്കുന്നതിന് ഒരു നൂതന പ്രക്രിയ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിരിക്കുന്നു. സ്കിം ലാറ്റക്സിനെ ചില രാസവസ്തുക്കൾ ഉപയോഗിച്ച് 24 മണിക്കൂറുകൊണ്ട് സംസ്കരിച്ചെടുത്തതിനു ശേഷം അതിൽ ആസിഡ് ചേർത്ത് ഉറകൂട്ടി റബ്ബർകട്ടകളാക്കിയെടുക്കാൻ കഴിയും. ഈ കട്ടകളെ പിന്നീട് സ്കിം ക്രീപ്പാക്കി മാറ്റി ഉണക്കിയെടുക്കാം.

സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് (സെനക്സ്) ഉത്പാദിക്കുമ്പോഴുണ്ടാകുന്ന ഒരു ഉപോത്പന്നമാണ് സ്കിം ലാറ്റക്സ്. ഏകദേശം മൂന്നു മുതൽ നാല് വരെ ശതമാനം സ്കിം റബ്ബർ ഇതിലുണ്ടാകും. കയ്യുറകൾ, കോണ്ടം, ബലൂണുകൾ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണത്തിനാണ് സെനക്സ് സാധാരണമായി ഉപയോഗിക്കുന്നത്. ഇന്ത്യയിൽ 40-ലധികം സെൻട്രിഫ്യൂജിങ് ഫാക്ടറികളുണ്ട്. രാജ്യത്ത് ഉത്പാദിപ്പിക്കുന്ന പ്രകൃതിദത്തറബ്ബറിന്റെ ഏകദേശം 10 ശതമാനം സെനക്സ് നിർമാണത്തിനാണ് ഉപയോഗിക്കുന്നത്.

നിലവിൽ സ്കിം റബ്ബർ വീണ്ടെടുക്കുന്ന പ്രക്രിയയിൽ ആദ്യം സ്കിം ലാറ്റക്സിൽ ആസിഡ് ചേർത്ത് അതിനെ കട്ടയാക്കുന്നു. തുടർന്ന് സ്കിം റബ്ബർ സ്ലറി ഉണ്ടാകുന്നു. ഈ സ്ലറിയിലെ വെള്ളം നീക്കം ചെയ്യുന്നതിനും ദൃഢീകരിക്കുന്നതിനുമായി നിരവധി പ്ലാസ്റ്റിക് ചാക്കുകളിൽ പായ്ക്ക് ചെയ്ത് രണ്ടാഴ്ച വെയ്ക്കുന്നു. തുടർന്ന് ലഭിക്കുന്ന സ്കിം പൗഡറിനെ വീണ്ടും സംസ്കരിച്ച് സ്കിം ക്രീപ്പ് ആക്കി മാറ്റുന്നു. ഈ പരമ്പരാഗതരീതിയിലൂടെ കുറഞ്ഞ നിലവാരമുള്ള റബ്ബർ മാത്രമേ ലഭിക്കുകയുള്ളൂ. കൂടാതെ, ഇതിന് ധാരാളം തൊഴിലാളികളെ ആവശ്യമായി വരുന്നു. ഈ രീതിയിലുള്ള സംസ്കരണം ദുർഗന്ധം വമിപ്പിക്കുന്നതും മാലിന്യസംസ്കരണപ്ലാന്റുകൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണ്. സെനക്സ് ഫാക്ടറികൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ പ്രതിഷേധങ്ങൾക്കും തുടർന്ന് നിയമതർക്കങ്ങൾക്കും ഇത് കാരണമാകുകയും ചെയ്തിട്ടുണ്ട്.

ആർ.ആർ.ഐ. ഐ. വികസിപ്പിച്ചെടുത്ത പുതിയരീതിയിൽ പ്ലാസ്റ്റിക് ചാക്കുകളുടെ ആവശ്യം ഇല്ല. സംസ്കരണത്തിന് വേണ്ടി വരുന്ന സമയം 24 മണിക്കൂറായി കുറയുകയും ചെയ്യുന്നു. മാത്രമല്ല, ദുർഗന്ധം ഗണ്യമായി കുറയ്ക്കുന്ന പരിസ്ഥിതിസുസ്ഥിരത വർദ്ധിപ്പിക്കുന്ന സംവിധാനമാണിത്. സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബറിനെ പൂർണമായും വീണ്ടെടുക്കാനും കഴിയും. ഈ രീതി എളുപ്പവും അധ്വാനം കുറഞ്ഞതും കൂടുതൽ കാര്യക്ഷമവുമാണ്. ഇത് റബ്ബർ വ്യവസായത്തിന് ഗണ്യമായ നേട്ടം നൽകുന്നു.

ഈ സാങ്കേതികവിദ്യ സെനക്സ് നിർമാതാക്കളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസസ്സേഴ്സിന് കൈമാറിയിട്ടുണ്ട്. മറ്റ് സംഘടനകൾക്കും സെനക്സ് യൂണിറ്റുകൾക്കും ആവശ്യപ്രകാരം ഈ സാകേതികവിദ്യ ലഭ്യമാണ്. സാങ്കേതികവിദ്യ കൈമാറുന്നതിന് ബോർഡ് ഫീസ് ഈടാക്കുന്നുമുണ്ട്. റബ്ബർബോർഡ് ഈ ഉത്പന്നത്തെ 'ഇന്ത്യൻ പ്യൂരിഫൈഡ് സ്കിം റബ്ബർ' (IPSR) എന്ന് ബ്രാൻഡ് ചെയ്ത്, സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ് നേടാനുള്ള നടപടികളിലാണ്. കുറഞ്ഞ ചെലവും മികച്ച ഗുണമേന്മയും ഉള്ളതിനാൽ വിവിധ റബ്ബർവ്യവസായസംരംഭങ്ങൾ ഉത്പന്നനിർമാണത്തിനായി IPSR ഉപയോഗിക്കുന്നതിന് താൽപര്യപ്പെട്ട് വന്നിട്ടുണ്ട്.

## റബ്ബർ മേഖലയിലെ സമീപകാല നേട്ടങ്ങൾ

കഴിഞ്ഞ സാമ്പത്തികവർഷം റബ്ബർബോർഡ് റബ്ബർമേഖലയ്ക്ക് ഗുണകരമായ പല നടപടികൾക്കും തുടക്കം കുറിച്ചു. കേന്ദ്രസർക്കാർ ബോർഡിനുള്ള ബജറ്റ് വിഹിതം 360.31 കോടി രൂപയായി ഉയർത്തി. പരമ്പരാഗതമേഖലകളിൽ റബ്ബർനടീലിനുള്ള സഹായം ഹെക്ടറിന് 40,000 രൂപയായും പാരമ്പര്യേതരമേഖലകളിൽ 50,000 രൂപയായും വർദ്ധിപ്പിച്ചു. പുതിയ റബ്ബറുത്പാദകസംഘങ്ങൾ, ഗ്രോവർ ക്ലസ്റ്ററുകൾ, റബ്ബർ ടാപ്പർഗ്രൂപ്പുകൾ എന്നിവ രൂപവത്കരിക്കുന്നതിന് കർഷകർക്ക് പിന്തുണ നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. ഇന്ത്യൻ




റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ് പത്രസമ്മേളനത്തിൽ സംസാരിക്കുന്നു.



നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് (INROAD) പദ്ധതി വഴി വടക്കുകിഴക്കൻ മേഖലയിൽ 1.25 ലക്ഷം ഹെക്ടറിലധികം സ്ഥലങ്ങളിൽ ഇതുവരെ പുതുതായി റബ്ബർ കൃഷിചെയ്തു കഴിഞ്ഞു. ഇത് ഏകദേശം 1.4 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നതാണ്. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും ഗവേഷണം, വിജ്ഞാനവ്യാപനം, പരിശീലനം, അടിസ്ഥാനസൗകര്യങ്ങൾ പങ്കിടൽ എന്നിവയ്ക്കായി കേരള റബ്ബർ ലിമിറ്റഡ് (KRL), യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ (UPASI), ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് (IOCL), രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (RIT) എന്നിവയുൾപ്പെടെ വിവിധ സ്ഥാപനങ്ങളുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ജനിതകമാറ്റം വരുത്തിയ റബ്ബറിന്റെ നടീലിന് ത്രിപുരയിൽ തുടക്കം കുറിച്ചിട്ടുണ്ട്. റബ്ബറിൽ ഇടവിളക്കൃഷിക്ക് യോജിച്ച മഞ്ഞൾ ഇനങ്ങൾ കണ്ടെത്തി ശുപാർശ ചെയ്യുന്നതിനും കഴിഞ്ഞു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കൃഷി ചെയ്യുന്നതിനായി ആർആർഐഐ 417 എന്ന ഇനം ശുപാർശ ചെയ്തിട്ടുണ്ട്. ഗവേഷണ കേന്ദ്രത്തിലെ പ്ലാന്റ് പതോളജി ഡിവിഷൻ കഴിഞ്ഞ വർഷം വിവിധ രാജ്യങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുത്ത് ഒരു അന്താരാഷ്ട്ര രോഗപ്രതിരോധ സെമിനാർ സംഘടിപ്പിച്ചു. ഡ്രോൺ ഉപയോഗിച്ച് റബ്ബറിന് മരുന്നടിക്കുന്ന സങ്കേതികവിദ്യ ഡിവിഷൻ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ കീഴിലുള്ള റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ റബ്ബറുത്പന്ന നിർമാണരംഗത്ത് നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട സങ്കേതികനിർദേശങ്ങൾ നൽകി വരുന്നു. സംരംഭകരുടെ ആവശ്യങ്ങൾക്കനുസരിച്ച് ബയോഡീഗ്രേഡബിൾ സാനിറ്ററി സോക്സ്, ടെന്നീസ് ബോൾ, റോഡ് ഡിവൈഡർ തുടങ്ങിയവ സമീപകാലത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

റബ്ബർബോർഡിന്റെ ഓൺലൈൻ റബ്ബർട്രേഡിങ് പ്ലാറ്റ്ഫോമായ 'എംറൂബ്' പ്രകൃതിദത്തറബ്ബർ വിൽക്കുന്നവരെയും വാങ്ങുന്നവരെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഈ സംവിധാനത്തിലൂടെയുള്ള വിപണനത്തിന്റെ വ്യാപാര മൂല്യം മൂന്ന് വർഷത്തിനുള്ളിൽ 105.55 കോടി രൂപയിൽ നിന്ന് 234.63 കോടി രൂപയായി ഉയർന്നു.

റബ്ബർ കയറ്റുമതിക്കാർക്ക് യൂറോപ്യൻ യൂണിയനിലേക്ക് റബ്ബറുത്പന്നങ്ങൾ കയറ്റിയയ്ക്കുന്നതിന് യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (ഇ.യു.ഡി.ആർ.) ബാധകമാണ്. ഈ സർട്ടിഫിക്കേഷനായി ട്രയമ്പ് ടെക് സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി റബ്ബർബോർഡ് ധാരണാപത്രം ഒപ്പുവെച്ചു കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട ജിയോ-മാപ്പിങ് ഇതിനകം തുടങ്ങിക്കഴിഞ്ഞു.

റബ്ബർ ടാപ്പർമാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്ത്രീശാക്തീകരണ പരിപാടികൾ, വൈദ്യസഹായം, ഭവനനിർമാണത്തിനുള്ള സഹായം, വടക്കുകിഴക്കൻ മേഖലയിൽ തൊഴിലാളികൾക്ക് സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സഹായം, അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് കം ടെർമിനൽ ബെനിഫിറ്റ് സ്കീമുകൾ എന്നിവ ഉൾപ്പെടുന്ന വിവിധ തൊഴിലാളിക്ഷേമ പദ്ധതികൾ ബോർഡ് നടപ്പാക്കിവരുന്നുണ്ട്.

സുസ്ഥിരമായ രീതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും പുതിയ കണ്ടെത്തലുകളെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തുടനീളമുള്ള റബ്ബർ കർഷകരെയും ഈ മേഖലയിലുള്ള മറ്റുള്ളവരെയും ശാക്തീകരിക്കുന്നതിനും റബ്ബർബോർഡ് പ്രതിജ്ഞാബദ്ധമാണ്. വരും കാലങ്ങളിൽ സഹകരണശ്രമങ്ങളിലൂടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും റബ്ബർ ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിനും ബോർഡ് ശ്രമിക്കുന്നതായിരിക്കും.

ഈ വിഷയങ്ങൾ മാധ്യമങ്ങളുമായി പങ്കുവെയ്ക്കാൻ ബോർഡ് നടത്തിയ പത്രസമ്മേളനത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു, റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഇൻ ചാർജ് ഡോ. എം.ഡി. ജെസ്സി എന്നിവരും ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസസ്സേഴ്സ് പ്രതിനിധികളും പങ്കെടുത്തു.

# റബ്ബർബോർഡിൽ ഔദ്യോഗിക ഭാഷാസമ്മേളനം

ലോകത്ത് ഒരു ഭാഷയോ സംസ്കാരമോ തീർത്തും തനിമയോടെ പുലരുന്നില്ലെന്നും പരസ്പരം കലർന്നും വിനിമയം ചെയ്തുമാണ് ഭാഷകളും സംസ്കാരങ്ങളും നിലനിൽക്കുന്നതെന്നും പ്രശസ്ത എഴുത്തുകാരിയും സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ ഡോ. മ്യൂസ് മേരി ജോർജ് അഭിപ്രായപ്പെട്ടു. മറ്റ് ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങൾക്ക് വിലപ്പെട്ട സന്ദേശങ്ങളും ഉൾക്കാഴ്ചകളും നൽകാനും വൈവിധ്യമാർന്ന സംസ്കാരങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ചുള്ള നമ്മുടെ അറിവിനെ സമ്പന്നമാക്കാനും കഴിയും. റബ്ബർബോർഡിൽ ഔദ്യോഗികഭാഷാസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മ്യൂസ് മേരി ജോർജ്. വിവർത്തനങ്ങളുമായി സംവദിക്കുന്നതിലൂടെ നമുക്ക് മാതൃഭാഷയ്ക്ക് അപ്പുറമുള്ള അറിവും സംസ്കാരങ്ങളും ഉൾക്കൊള്ളാൻ കഴിയും സാംസ്കാരികമായ വിടവുകൾ നികത്തുന്നതിലും സാംസ്കാരിക കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിലും വിവർത്തനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഇത് ലോകമെമ്പാടുമുള്ള മനുഷ്യാനുഭവങ്ങളുടെ സമ്പന്നതയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ നമ്മെ സഹായിക്കും. ആശയവിനിമയത്തോടൊപ്പം വികാരങ്ങൾ, ചിന്തകൾ എന്നിവ കൈമാറുന്നതിനുമുള്ള ശക്തമായ ഒരു ഉപകരണമാണ് ഭാഷ. വികാരങ്ങൾ ഭാഷാപരമായ അതിർവരമ്പുകൾ ഉല്ലംഘിക്കുന്നവയാണെന്ന് അവർ ചൂണ്ടിക്കാട്ടി.




റബ്ബർബോർഡിലെ ഔദ്യോഗികഭാഷാസമ്മേളനത്തിൽ ഡോ. മ്യൂസ് മേരി ജോർജ് സംസാരിക്കുന്നു.

കേന്ദ്രസർക്കാർസ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷയായ ഹിന്ദി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് റബ്ബർബോർഡിൽ ഔദ്യോഗികഭാഷാസമ്മേളനം നടത്തിവരുന്നത്. ഹിന്ദി പ്രചാരണപരിപാടികളുമായി ബന്ധപ്പെട്ടുനടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ ഡോ. മ്യൂസ് മേരി ജോർജ് വിതരണം ചെയ്തു. ഡോ. എം.ഡി. ജെസ്സി, ഡയറക്ടർ (റിസർച്ച്) ഇൻ-ചാർജ്ജ്; ഡോ. ടി. സിജു( റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ); ജി.സുനിൽ കുമാർ (അസിസ്റ്റന്റ് ഡയറക്ടർ) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ക്ഷീര കർഷകരുടെ വീട്ടുപടിയ്ക്കൽ നൽകി വരുന്ന മൃഗചികിത്സാ സേവനം എല്ലാ ബ്ലോക്കുകളിലും നടപ്പാക്കും – മന്ത്രി ജെ ചിഞ്ചുറാണി

ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ നൽകി വരുന്ന മൃഗചികിത്സ സേവന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 47 ബ്ലോക്ക് പഞ്ചായത്തുകളിൽ പുതുതായി സ്ഥാപിക്കുന്ന മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെയും 12 ജില്ലകളിൽ പുതുതായി സ്ഥാപിക്കുന്ന മൊബൈൽ സർജറി യൂണിറ്റുകളുടെയും ഫ്ലാഗ് ഓഫ് കർമ്മം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് ബഹു.ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ എൻ ബാലഗോപാലിന്റെ അധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ വച്ച് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കർഷകരുടെ ആവശ്യങ്ങൾക്ക എന്നും മുൻതൂക്കം നൽകി പ്രവർത്തിച്ചുവരുന്ന സർക്കാരാണ് ഇപ്പോൾ ഭരിയ്ക്കുന്നതെന്നും കർഷകർക്ക് പ്രയോജനകരമായ ഇത്തരം പദ്ധതികൾക്ക് തുടർന്നും ധനകാര്യവകുപ്പിന്റെ എല്ലാ സഹായ സഹകരണവും ഉണ്ടാകുമെന്ന് ധനകാര്യ മന്ത്രി ശ്രീ കെ എൻ ബാലഗോപാൽ അറിയിച്ചു.

ഇതോടുകൂടി സംസ്ഥാനത്തെ 86 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനവും എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന സർജറി യൂണിറ്റുകളുടെ സേവനവും ലഭ്യമാകും. ബാക്കിയുള്ള ബ്ലോക്കുകളിലും വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.




ചടങ്ങിൽ വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി ഐ എ എസ് , വകുപ്പ് ഡയറക്ടർ ഡോ.റെജിൽ എം സി. ഐ എ എസ്, മൃഗസംരക്ഷണ വകുപ്പ് അഡിഷണൽ ഡയറക്ടർ മാരായ ഡോ. സിന്ധു കെ., ഡോ. വിനുജി ഡി കെ, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശ്രീമതി ശാലിനി ഗോപിനാഥ്, കെ എസ് പി ഡി സി മാനേജിങ് ഡയറക്ടർ ഡോ. സെൽവകുമാർ,ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ശ്രീകുമാർ പി എസ് എന്നിവർ സംസാരിക്കുകയും ചെയ്തു.

കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 14.85 കോടി രൂപ ചെലവഴിച്ച് സംസ്ഥാനത്തെ 127 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളും 12 ജില്ലകളിൽ മൊബൈൽ സർജ്ജറി യൂണിറ്റുകളും സ്ഥാപിയ്ക്കുന്നതിന് അനുമതി ലഭ്യമായിരുന്നു. ആയതിന്റെ ആദ്യഘട്ടമെന്നോണം ആണ് 3.11 കോടി രൂപ ചെലവഴിച്ച് 47 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെയും 12 ജില്ലാ കേന്ദ്രങ്ങളിൽ സ്ഥാപിച്ച മൊബൈൽ സർജ്ജറി യൂണിറ്റുകളുടെയും പ്രവർത്തനം ആരംഭിച്ചത്.

## മൊബൈൽ യൂണിറ്റുകളിൽ ഉദ്യോഗസ്ഥരുടെ നിയമനം

സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്മെന്റ് (CMD) മുഖേന തെരഞ്ഞെടുത്ത വെറ്ററിനറി ഡോക്ടർമാരെയും, ഡ്രൈവർ കം അറ്റെൻഡർമാരെയും നിയോഗിച്ച് കൊണ്ടാണ് മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ സേവനം കർഷകർക്ക് ലഭ്യമാക്കുന്നത്.ഡോക്ടർമാർക്കും ഡ്രൈവർ കം അറ്റൻഡർമാർക്കും പരിശീലനം നൽകിയതിന് ശേഷമാണ് അവരെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്.

## മൊബൈൽ സർജറി യൂണിറ്റുകൾ

പുതുതായി ആരംഭിക്കുന്ന 12 മൊബൈൽ സർജറി യൂണിറ്റുകൾ ജില്ലകളിലെ വെറ്ററിനറി കേന്ദ്രങ്ങളിലാണ് സ്ഥാപിയ്ക്കുന്നത്. കണ്ണൂർ, എറണാകുളം ജില്ലയിൽ നിലവിൽ പ്രവർത്തിയ്ക്കുന്ന ടെലി വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തനം കൂടി ഈ മൊബൈൽ സർജ്ജറി യൂണിറ്റുകളുമായി ഏകോപിപ്പിക്കുന്നതോടു കൂടി എല്ലാ ജില്ലകളിലും മൊബൈൽ സർജറി യൂണിറ്റിന്റെ സേവനം ലഭ്യമാകും. ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 6 ആശുപത്രികളിൽ മുൻകൂട്ടി നിശ്ചയിച്ച ദിവസങ്ങളിൽ സർജറി യൂണിറ്റുകൾ എത്തിച്ചേരുകയും ആശുപത്രികളിൽ നിശ്ചയിക്കുന്ന സർജറികൾ (elective surgery) നടത്തുകയും ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തന സമയം

മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ പ്രവർത്തന സമയം വൈകിട്ട് 6 മണി മുതൽ രാവിലെ 5 മണി വരെ ലഭ്യമാകുന്നതാണ്.

മൊബൈൽ സർജറി യൂണിറ്റുകൾ രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെയാണ് സേവനം നൽകുന്നത്.

## നടത്തിപ്പ്

മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലാണ് മൊബൈൽ യൂണിറ്റുകളുടെ സേവനം കർഷകർക്ക് നൽകുന്നത്. മൊബൈൽ യൂണിറ്റുകളിൽ മൃഗചികിത്സാക്കായി ജീവൻരക്ഷാ മരുന്നുകളും മറ്റ് അവശ്യ മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്.

തിരുവനന്തപുരത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത 1962 ടോൾ ഫ്രീ കാൾ സെൻറർ മുഖേനയാണ് മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്. ഇതിനായി കാൾ സെന്ററിൽ ഡോക്ടറെയും കാൾ എക്സിക്യൂട്ടീവുകളെയും നിയോഗിച്ചിട്ടുണ്ട്.

മൊബൈൽ യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തുകളുടെയും പഞ്ചായത്തുകളുടെയും ജനകീയാസൂത്രണ പദ്ധതി ഫണ്ട് ഉപയോഗിച്ച് മരുന്നുകളുടെ ലഭ്യത എല്ലാ സമയത്തും ഉറപ്പുവരുത്തി കർഷകർക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സേവനം അവരുടെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## മോണിറ്ററിങ്

ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഓരോ ജില്ലയിലും ടീമിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ സേവനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനും സംസ്ഥാന തലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് കോ ഓർഡിനേഷൻ സെൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിയ്ക്കുന്നതാണ്.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh